"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് - നവകേരളം കർമപദ്ധതി-II- വയനാട് ജില്ലാ ഓഫീസിൽ ഡി.റ്റി.പി ഓപ്പറേറ്ററായ ശ്രീമതി.ഷമീന പി.എസ് (സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം)-ന്റെ അന്യത്ര സേവന കാലാവധി 01.09.2025 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്**

സ.ഉ.(സാധാ) നം.273/2025/PIE&MD തീയതി,തിരുവനന്തപുരം, 29-10-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.132/2022/പി.ഐ.ഇ&എം.ഡി തീയതി 27.08.2022
2. സ.ഉ (സാധാ) നം.290/2023/പി.ഐ.ഇ&എം.ഡി തീയതി 25.10.2023
3. സ.ഉ.(സാധാ) നം.194/2025/പി.ഐ.ഇ&എം.ഡി തീയതി 05.08.2025
4. ലേബർ കമ്മീഷണറുടെ 20.08.2025-ലെ എൽ.സി.ഒ./3611/2023-ഇ(7) നമ്പർ കത്ത്
5. നവകേരളം കർമപദ്ധതി-II കോർഡിനേറ്ററുടെ 20.09.2025-ലെ എൻ.കെ.പി/എ2/567/2022 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം നവകേരളം കർമപദ്ധതി-II- വയനാട് ജില്ലാ ഓഫീസിൽ ഡി.ടി.പി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ശ്രീമതി.ഷമീന പി.എസ് (സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം) -നെ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയും, തുടർന്ന് പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി ഓരോ വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

ശ്രീമതി.ഷമീന പി.എസ്-ന്റെ അന്യത്രസേവന കാലാവധി 31.08.2025-ന് അവസാനിച്ച സാഹചര്യത്തിൽ 01.09.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) കത്ത് പ്രകാരം നവകേരളം കർമപദ്ധതി-II കോർഡിനേറ്റർ അഭ്യർത്ഥിച്ചിട്ടുണ്ട്. ശ്രീമതി ഷമീന പി.എസ്-ന്റെ സേവനം നവകേരളം കർമപദ്ധതി-II-നായി വിട്ടു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (4) കത്ത് പ്രകാരം ലേബർ കമ്മീഷണർ നവകേരളം കർമപദ്ധതി-II കോർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നവകേരളം കർമപദ്ധതി-II വയനാട് ജില്ലാ ഓഫീസിലെ ഡി.റ്റി.പി ഓപ്പറേറ്ററായ ശ്രീമതി ഷമീന പി.എസ് -ന്റെ അന്യത്ര സേവന കാലാവധി 01.09.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി.ഷമീന പി.എസ് (സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, ജില്ലാ ലേബർ ഓഫീസ്, എറണാകുളം) (നവകേരളം കർമപദ്ധതി-II കോർഡിനേറ്റർ മുഖേന).
2. കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-II, തിരുവനന്തപുരം.
3. ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറുടെ കാര്യാലയം, തൊഴിൽ ഭവൻ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
5. വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Devi K G
Date: 30-10-2025 12:11:22
സെക്ഷൻ ഓഫീസർ